"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ട്രഷറി ജീവനക്കാര്യം - ചെറുപുഴ സബ് ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീമതി എൽസി എം ജോർജ്ജ് (PEN :717555) -ന് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് - സി) വകുപ്പ്**

സ.ഉ.(സാധാ)നം. 4491/2025/ധന. തീയതി, തിരുവനന്തപുരം, 19/05/2025

പരാമർശം :- 1. 04/01/2025 ലെ ട്രഷറി ഡയറക്ടറുടെ C1-4537/2023/TRY നമ്പർ കത്തും ഉള്ളടക്കം ചെയ്തിരുന്ന ബില്ലുകളും.

2. 26/04/2025 -ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ MR-2/10297/2025/DHS നമ്പർ കത്ത്.

3. 23/11/2020 -ലെ സ.ഉ.(കൈ) നം. 122/2020/ധന

**ഉത്തരവ്**

ചെറുപുഴ സബ് ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീമതി. എൽസി എം. ജോർജ്ജ് (PEN: 717555) -ന്റെ മകന്റെ ചികിൽസയുമായി ബന്ധപ്പെട്ട് 05.07.2022 മുതൽ 15.07.2022 വരെയുള്ള കാലയളവിൽ ആസ്റ്റർ മിംസ് ആശുപത്രിയിൽ ചെലവായ 1,97,530/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം) രൂപയുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അപേക്ഷ, പരാമർശം 1 പ്രകാരം ട്രഷറി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,97,530/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം) രൂപ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദനീയമാണെന്ന് പരാമർശം 2 മുഖേന അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെറുപുഴ സബ് ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീമതി എൽസി എം. ജോർജ്ജ് (PEN : 717555) -ന്റെ മകന്റെ ചികിത്സയുമായി ബന്ധപ്പെട്ട് 05.07.2022 മുതൽ 15.07.2022 വരെയുള്ള കാലയളവിൽ ആസ്റ്റർ മിംസ് ആശുപത്രിയിൽ ചെലവായ തുകയിൽ പരാമർശം 3 -ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 1,97,530/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അഞ്ഞൂറ്റി

മുപ്പത് രൂപ മാത്രം) രൂപയുടെ 80 ശതമാനമായ 1,58,024/-രൂപ (ഒരു ലക്ഷത്തി അൻപത്തെണ്ണായിരത്തി ഇരുപത്തിനാല് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിനുള്ള ചെലവ് "2054-00-097-98-01-4- മെഡിക്കൽ റീയിംബേഴ്സ്മെന്റ് (നോൺപ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പുനഃപരിശോധനയിൽ അധിക തുക ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത തുക അപേക്ഷകൻ തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.യൂസഫ് ഖാൻ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, പട്ടം, പട്ടം പാലസ് പി ഒ, തിരുവനന്തപുരം.
ശ്രീമതി. എൽസി.എം.ജോർജ്ജ്, സീനിയർ അക്കൗണ്ടന്റ്, ചെറുപുഴ സബ് ട്രഷറി (ട്രഷറി ഡയറക്ടർ മുഖേന)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി (E -3021493)

ഉത്തരവിൻ പ്രകാരം
Karthika K
സെക്ഷൻ ഓഫീസർ